കുളങ്ങളുടെ പേര്	എസ്റ്റിമേറ്റ് തുക
1. കുഴം കുളം	11.50 ലക്ഷം രൂപ
2. ഏറം കുളം	8.50 "
3. കയ്യാലത്തുകുളം	15.00 "
4. കരിയില കുളം	9.71 "

ചാലക്കുടി മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം

145 (6850) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽ 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി പ്രകാരം ഏതെല്ലാം കുളങ്ങളുടെ നവീകരണത്തിനായി അനുമതി നൽകിയിട്ടുണ്ടെന്നും അവയുടെ പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്നും അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനും എം.എൽ.എ. മാരുടെ നിർദ്ദേശപ്രകാരം കൂടുതൽ കുളങ്ങൾ കെട്ടിസംരക്ഷിച്ച് നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചാലക്കുടി നിയോജകമണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം 7 കുളങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

1. പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ട് കുളം (ചാലക്കുടി മുൻസിപ്പാലിറ്റി) 25 ലക്ഷം - പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.
2. താങ്ങുചിറ (മേലൂർ പഞ്ചായത്ത്) 35 ലക്ഷം - പ്രവൃത്തി റീ-ടെണ്ടർ നടത്തിയിട്ടുണ്ട്.
3. അറേങ്ങാലി വടക്കേച്ചാൽ കുളം (കാടുകുറ്റി പഞ്ചായത്ത്) 35 ലക്ഷം - എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം ഈ കുളത്തിന് പകരം പതിയാംകുളം നവീകരണം എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.
4. വാളുങ്ങാമുറി കൊറ്റംചിറ കുളം (കൊരട്ടി പഞ്ചായത്ത്) 65 ലക്ഷം - റീ-ടെണ്ടർ നടത്തിയിട്ടുണ്ട്.
5. ആലപ്പിള്ളി കുളം (ചാലക്കുടി മുൻസിപ്പാലിറ്റി) 40 ലക്ഷം - പുതിയ ഷെഡ്യൂൾ-ഓഫ് റേറ്റ് പ്രകാരം സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

6. പുറിപ്പാറക്കുന്ന് തോട്ടപ്പിറ (കൊടകര പഞ്ചായത്ത്) 30 ലക്ഷം - പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

7. എരിയേരികുളം (കാരപ്പാടം) - 28 ലക്ഷം - ടെണ്ടർ നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ നടന്നുവരുന്നു. കൂടുതൽ കുളങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിശോധിക്കാവുന്നതാണ്.

കൊരട്ടി ഇൻഫോപാർക്കിലേക്ക് ശുദ്ധജലം

146 (6851) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കുടിപ്പുഴയിൽനിന്ന് കൊരട്ടി ഇൻഫോപാർക്കിലേക്കാവശ്യമായ ശുദ്ധജലം എത്തിക്കുന്നതിനായുള്ള ആറുകോടിരൂപയുടെ നിക്ഷേപപ്രവൃത്തി ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിയുടെ 250 എം.എം. വ്യാസമുള്ള റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 3.45 ദശലക്ഷം ശേഷിയുള്ള ശുദ്ധീകരണശാലയുടെ ടെണ്ടറിൻമേൽ ജല അതോറിറ്റി ബോർഡിന്റെ അംഗീകാരത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആറുലക്ഷം റിസർവോയറുള്ള ഓവർ ഹെഡ് ടാങ്കിന്റെ ടെണ്ടറിന് 4 പേർ കോട്ടുചെയ്തിരുന്നു. അതിൽ ഏറ്റവും കുറവ് കോട്ടുചെയ്തിരുന്ന ആൾ ദർഘാസിന്റെ നോട്ടീസ് (NIT) പ്രകാരം അംഗീകരിക്കപ്പെട്ടിട്ടില്ല. 17-6-2014 തീയതിയിൽ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെയും ഇൻഫോപാർക്ക് സി.ഇ.ഒ.-യുടെയും സംയുക്ത യോഗത്തിൽ ടി ടെണ്ടറിന് കുറഞ്ഞ തുക കോട്ട് ചെയ്ത രണ്ടാമത്തെ ടെണ്ടർ പരിഗണിക്കാൻ തീരുമാനിക്കുകയും അതിൻ പ്രകാരം കൊച്ചി ചീഫ് എഞ്ചിനീയറോട് ഓഫർ നൽകുവാൻ നിർദ്ദേശിക്കുകയും ചെയ്തിരിക്കുകയാണ്.

(ബി) നടപടിക്രമങ്ങൾ പാലിച്ച് പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുവാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുന്നതാണ്.

അങ്കമാലി നിയോജകമണ്ഡലത്തിലെ കനാൽ ബണ്ട് റോഡുകൾ

147 (6852) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിലുള്ള കനാൽ ബണ്ട് റോഡുകൾ ഏതെല്ലാമെന്ന് പഞ്ചായത്തുതിരിച്ച് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly